(ഇ ആന്റ് എഫ്) ഇപ്പോൾ ഒഴിവുകൾ നിലവിലില്ല. ഉത്തരം 'എ'-യിൽ പരാമർശിച്ചിട്ടുള്ള ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിക്കാൻ കഴിയുകയില്ല.

മലിനീകരണ നിയന്ത്രണ ബോർഡിനെ സ്വാധീനിച്ച് സർട്ടിഫിക്കറ്റ് നേടുന്നത് തടയാൻ നടപടി

123 [3177] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടാൻ ഉത്തരവിട്ട് 32 വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തനം തുടരാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡിന്റെ നടപടി സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് അന്വഷണം നടത്തി കുറ്റക്കാരായ വർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിലെ മെമ്പർമാരെയും ഉദ്യോഗസ്ഥന്മാരെയും സ്വാധീനിച്ച് നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി സർട്ടിഫിക്കറ്റ് നേടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുതടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ബോർഡ് വ്യവസായ സ്ഥാപനങ്ങൾക്ക് അടച്ചുപൂട്ടാൻ ഉത്തരവ് നൽകിയത്. അതിനുശേഷം കേരളം സന്ദർശിച്ച, സുപ്രീംകോടതി നിർദ്ദേശിച്ച മോണിട്ടറിംഗ് കമ്മിറ്റി, വ്യവസായ സ്ഥാപനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താൻ 2005 മാർച്ച് 15 വരെ സമയം അനുവദിച്ചു. അതിൻ പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

3175, 3176 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാധകമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

124 [3178] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്തത് എന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി എത്ര ഹോമിയോ ഡിസ്പെൻസറിയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവിടെ പുതുതായി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ജി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോമിയോ ഡിസ്പെൻസറി അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—എഫ്) എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എന്നാൽ '510' ഗ്രാമ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി നിലവിലില്ല. പത്താം പഞ്ചവത്സര പദ്ധതിയിൽ ഹോമിയോപ്പതിവകുപ്പിന് അംഗീകരിച്ചിട്ടുള്ള സ്കീമുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാൻ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യം തല്ക്കാലം പരിഗണിക്കാൻ കഴിയില്ല.

കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പെരുവയൽ, കുന്ദമംഗലം, കുരുവട്ടൂർ എന്നീ മൂന്ന് പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി നിലവിലില്ല.

(ജി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly